**ഇടുക്കി ജില്ലാ കളക്ടർ & ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നടപടിക്രമം**

**(ഹാജർ — എച്ച് ദിനേശൻ ഐ.എ.എസ്)**

DCIDK/5352/2020-DM1

തീയതി - 03/12/2020

വിഷയം : ദുരന്തനിവാരണം - ബുറേവി ചുഴലിക്കാറ്റ് 2020 – മാട്ടുപ്പെട്ടി ജലസംഭരണിയുടെ ഷട്ടറുകൾ തുറക്കുന്നത് - അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം : 1) എക്സിക്യൂട്ടീവ് എഞ്ചിനീയർ, റിസർച്ച് & ഡാം സേഫ്റ്റി ഡിവിഷൻ, പാംബ്ലയുടെ 03/12/2020 ലെ RDSD4/DB-29/SH -OP/2020-21 നമ്പർ കത്ത്.

2) 2020 ലെ ഓറഞ്ച് ബുക്ക്.

പള്ളിവാസൽ ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ മാട്ടുപ്പെട്ടി ജലസംഭരണിയിലെ പൂർണ്ണ സംഭരണ ജലവിതാനം (FRL) 1599.59 മീറ്ററും, ഇപ്പോഴത്തെ ജലനിരപ്പ് 1597.90 മീറ്ററും ആണെന്നും, പ്രസ്തുത ഡാമിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുള്ളതായും, കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ തീവ്ര മഴ പെയ്യുന്ന പക്ഷം ആവശ്യമെങ്കിൽ ജലനിരപ്പ് ക്രമീകരിക്കുന്നതിന്റെ ഭാഗമായി 04.12.2020 വെള്ളിയാഴ്ച രാവിലെ 06.00 മണിക്ക് മാട്ടുപ്പെട്ടി ജലസംഭരണിയിലെ അധിക ജലം സ്പിൽവേ ഗേറ്റിലൂടെ മുതിരപ്പുഴ വഴി മൂന്നാർ ആർ.എ ഹെഡ്‌വർക്ക്സ് ജലസംഭരണിയിലേക്ക് ഒഴുക്കി വിടേണ്ടതുണ്ടെന്നും, ഇതിനായി പ്രസ്തുത അണക്കെട്ടിലെ മൂന്ന് ഷട്ടറുകൾ 50 സെ.മീ വീതം തുറന്ന് 80 ക്യുമെക്സ് വരെ വെള്ളം ഘട്ടം ഘട്ടമായി മുതിരപ്പുഴയാർ വഴി ആർ.എ ഹെഡ്‌വർക്ക്സ് ജലസംഭരണിയിലേക്ക് തുറന്നു വിടുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം വെള്ളം തുറന്നു വിടുന്നതു മൂലം മുതിരപ്പുഴയാറിൽ നിലവിലുള്ള ജലനിരപ്പിൽ നിന്ന് ഏകദേശം 50 മുതൽ 60 . സെ.മീ വരെ വർദ്ധനവ് ഉണ്ടാകുമെന്നും അറിയിച്ചിട്ടുണ്ട്.

ബുറേവി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ ജില്ലയിൽ അതിതീവ്ര മഴയ്ക്കുള്ള സാദ്ധ്യത കണക്കിലെടുത്ത് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം 03/12/2020 ന് റെഡ് അലർട്ടും, അതിശക്തമായ മഴയ്ക്കുള്ള സാദ്ധ്യത കണക്കിലെടുത്ത് 04/12/2020 ന് ഓറഞ്ച് അലർട്ടും, ശക്തമായ മഴയ്ക്കുള്ള സാദ്ധ്യത കണക്കിലെടുത്ത് 05/12/2020, 06/12/2020 തീയതികളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിലും, പരാമർശം (1) അപേക്ഷ പരിഗണിച്ചും, **04/12/2020 തീയതി വെള്ളിയാഴ്ച രാവിലെ 06.00 മണി മുതൽ മാട്ടുപ്പെട്ടി അണക്കെട്ടിന്റെ മൂന്ന് ഷട്ടറുകൾ 50 സെ.മീ വീതം തുറന്ന് 80 ക്യുമെക്സ് വരെ വെള്ളം ഘട്ടം ഘട്ടമായി മുതിരപ്പുഴയാർ വഴി ആർ.എ ഹെഡ്‌വർക്ക്സ് ജലസംഭരണിയിലേക്ക് തുറന്നു വിടുന്നതിന്** അനുമതി നൽകി ഉത്തരവാകുന്നു.

ടി ജലം പുറത്തേക്ക് ഒഴുക്കുന്നതിന് മുൻപായി മാട്ടുപ്പെട്ടി അണക്കെട്ടിന് താഴെ, മുതിരപ്പുഴയാറിന്റെ ഇരുകരകളിലും അധിവസിക്കുന്ന ജനങ്ങൾക്ക് **അതീവ ജാഗ്രതാ**

**നിർദ്ദേശം നൽകുന്നു.** ബന്ധപ്പെട്ട അധികാരികൾ ആവശ്യമായ എല്ലാ സുരക്ഷാ മുൻകരുതൽ നടപടികളും സ്വീകരിക്കേണ്ടതാണ്.

ജില്ലാ കളക്ടർ & ചെയർമാൻ,
ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഇടുക്കി

സ്വീകർത്താവ്,

എക്സിക്യൂട്ടീവ് എൻജിനീയർ, കെ.എസ്.ഇ.ബി ഡാം സേഫ്റ്റി ഡിവിഷൻ, പാംബ്ല.

പകർപ്പ്--

1. മെമ്പർ സെക്രട്ടറി, KSDMA, തിരുവനന്തപുരം.
2. ജില്ലാ പോലീസ് മേധാവി, ഇടുക്കി.
3. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), ഇടുക്കി.
4. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി/ ദേവികുളം.
5. ജില്ലാ ഫയർ ഓഫീസർ, ഫയർ & റെസ്ക്യൂ, ഇടുക്കി
6. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി - (പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകുന്നതിന്)
7. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി, തൊടുപുഴ
8. തഹസിൽദാർ, ദേവികുളം.
9. ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് (ഡി.ഡി.പി മുഖേന)
10. ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് (തഹസിൽദാർ മുഖേന)
11. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി, ഇടുക്കി (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
12. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലേക്ക്